# കേരള സർവകലാശാല

നം. പി.ആർ.062/2016 ഫോൺ : 2305738

## പത്രക്കുറിപ്പ്

### എൽ.എൽ.ബി പരീക്ഷ

കേരള സർവകലാശാല മെയ് 27-ന് തുടങ്ങുന്ന പത്താം സെമസ്റ്റർ എൽ.എൽ.ബി (പഞ്ചവത്സരം), ആറാം സെമസ്റ്റർ എൽ.എൽ.ബി (ത്രിവത്സരം) – (2011-12-ന് മുമ്പുള്ള അഡ്മിഷൻ) പരീക്ഷകൾക്ക് പിഴകൂടാതെ ഏപ്രിൽ 30 (50 രൂപ പിഴയോടെ മെയ് മൂന്ന്, 250 രൂപ പിഴയോടെ മെയ് നാല്) വരെ അപേക്ഷിക്കാം. എൽ.എൽ.ബി കോഴ്സ് പൂർത്തിയാക്കി അഞ്ച് വർഷം കഴിഞ്ഞവർ ഈ പരീക്ഷയെഴുതാൻ യോഗ്യരല്ല. വിദ്യാർത്ഥികൾ പരീക്ഷാഫീസിനു പുറമെ 200 രൂപ സി.വി ക്യാമ്പ് ഫീസ് അടയ്ക്കണം. 2007 അഡ്മിഷനിലെ ത്രിവത്സര എൽ.എൽ.ബി വിദ്യാർത്ഥികൾക്കും, 2002, 2003, 2005 അഡ്മിഷനുകളിലെ പഞ്ചവത്സര എൽ.എൽ.ബി വിദ്യാർത്ഥികൾക്കും അഡീഷണൽ മേഴ്സി ചാൻസ് ഫീസായ 2000 രൂപ നിർദ്ദിഷ്ട പരീക്ഷഫീസിനോടൊപ്പം അടച്ച് പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്യാവുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.exams.keralauniversity.ac.in) എക്സാം പോർട്ടലിലെ നോട്ടിഫിക്കേഷൻ എന്ന ലിങ്കിൽ ലഭിക്കും.

### എം.എസ്സി അസൈൻമെന്റ് വിഷയങ്ങൾ

കേരള സർവകലാശാല വിദൂരവിദ്യാഭ്യാസ വിഭാഗം രണ്ടാം എം.എസ്സി മാത്തമാറ്റിക്സ് (2014-16 ബാച്ച്) അസൈൻമെന്റ് വിഷയങ്ങൾ ഇ-മെയിൽ വഴി ലഭിക്കും. വിദ്യാർത്ഥികൾ അസൈൻമെന്റ് വിഷയങ്ങൾക്ക് വേണ്ടിയുള്ള അപേക്ഷ zeenath.ajmal@gmail.com എന്ന ഇ-മെയിലിൽ അയയ്ക്കണം. അവസാനതീയതി മെയ് 31.

### കമ്മ്യൂണിക്കേറ്റിവ് ഇംഗ്ലീഷ് & പബ്ലിക് സ്പീക്കിംഗ് കോഴ്സ് : അപേക്ഷ ക്ഷണിച്ചു.

കേരള സർവകലാശാല തുടർവിദ്യാഭ്യാസ വ്യാപനകേന്ദ്രം നടത്തുന്ന സർട്ടിഫിക്കറ്റ് ഇൻ കമ്മ്യൂണിക്കേറ്റിവ് ഇംഗ്ലീഷ് & പബ്ലിക് സ്പീക്കിംഗ് കോഴ്സിന് അപേക്ഷ ക്ഷണിച്ചു. യോഗ്യത: പ്ലസ്ടു/പ്രീഡിഗ്രി. ഫീസ് 5000/- രൂപ. കാലാവധി മൂന്ന് മാസം. ക്ലാസുകൾ ശനി, ഞായർ ദിവസങ്ങളിൽ നടത്തും. പ്രായപരിധിയില്ല. അവസാന തീയതി മേയ് ആറ്. ഫോൺ : 0471 –2302523.

### ഡിപ്ലോമ ഇൻ സൈബർ ലോ & സൈബർ സെക്യൂരിറ്റി പരീക്ഷ ടൈംടേബിൾ

കേരള സർവകലാശാല മെയ് രണ്ടിന് തുടങ്ങുന്ന ഡിപ്ലോമ ഇൻ സൈബർ ലോ & സൈബർ സെക്യൂരിറ്റി പരീക്ഷ ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

### ബി.എ എൽ.എൽ.ബി ഫലം

കേരള സർവകലാശാല സെപ്റ്റംബറിൽ നടത്തിയ ആറാം സെമസ്റ്റർ ഇന്റഗ്രേറ്റഡ് പഞ്ചവത്സര ബി.എ എൽ.എൽ.ബി പരീക്ഷാഫലം

വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും. പുനർമൂല്യ നിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഓൺലൈനായി മെയ് ആറ് വരെ അപേക്ഷിക്കാം.

## ബി.എസ്‌സി പ്രാക്ടിക്കൽ

കേരള സർവകലാശാല ഏപ്രിലിൽ നടത്തിയ കരിയർ റിലേറ്റഡ് സി.ബി.സി.എസ്.എസ് ആറാം സെമസ്റ്റർ ബി.എസ്‌സി ബയോകെമിസ്ട്രി & ഇൻഡസ്ട്രിയൽ മൈക്രോബയോളജി കോഴ്സിന്റെ ബയോകെമിസ്ട്രി പ്രാക്ടിക്കൽ മെയ് മൂന്നിന് തുടങ്ങും. ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

ഏപ്രിലിൽ നടത്തിയ കരിയർ റിലേറ്റഡ് സി.ബി.സി.എസ്.എസ് ആറാം സെമസ്റ്റർ ബി.എസ്‌സി ബയോടെക്നോളജി (മൾട്ടിമേജർ - 350) കോഴ്സിന്റെ കെമിസ്ട്രി പ്രാക്ടിക്കൽ പരീക്ഷകൾ മേയ് 18-ന് തുടങ്ങും. ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ബി.ടെക് ടൈംടേബിൾ

കേരള സർവകലാശാല എട്ടാം സെമസ്റ്റർ ബി.ടെക് (പാർട്ട് ടൈം റീസ്ട്രക്ചേർഡ് - 2008 സ്കീം) പരീക്ഷകളുടെയും എട്ടാം സെമസ്റ്ററിൽ വരുന്ന ഏഴ്, ആറ്, നാല് സെമസ്റ്റർ പാർട്ട് ടൈം പരീക്ഷകളുടെയും ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ബി.എച്ച്.എം ഫലം

കേരള സർവകലാശാല ജൂലൈയിൽ നടത്തിയ രണ്ടാം സെമസ്റ്റർ ബാച്ചിലർ ഓഫ് ഹോട്ടൽ മാനേജ്മെന്റ് ആൻഡ് കാറ്ററിംഗ് ടെക്നോളജി (2011, 2006 സ്കീം) പരീക്ഷാഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ഹാൾടിക്കറ്റ് കൈപ്പറ്റണം.

കേരള സർവകലാശാല വിദൂരവിദ്യാഭ്യാസ വിഭാഗം മെയ് രണ്ട് മുതൽ നടത്തുന്ന ഒന്നാം വർഷ എം.എസ്‌സി ക്ലിനിക്കൽ ന്യൂട്രിഷൻ ആൻഡ് ഡയറ്ററ്റിക്സ് പരീക്ഷയുടെ ഹാൾടിക്കറ്റുകൾ പാളയം വിദൂരവിദ്യാഭ്യാസ വിഭാഗം ഓഫീസിൽ നിന്നും കൈപ്പറ്റണം.

## ബി.എം.എം.എ.എം ടൈംടേബിൾ

കേരള സർവകലാശാല മേയ് നാലിന് തുടങ്ങുന്ന ഒന്നാം സെമസ്റ്റർ ബി.എം.എം.എ.എം പരീക്ഷയുടെ ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

സർവകലാശാല മന്ദിരം,
തിരുവനന്തപുരം.
26.04.2016

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098